ഉത്തരം

(എ) 622 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഇല്ല.

(ബി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ/സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 250 ഗ്രാമപഞ്ചായത്തുകളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസികൾക്ക് ആരോഗ്യപദ്ധതി

97 (789) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി പ്രശ്നത്തോടനുബന്ധിച്ചുനടന്ന സമരത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച ആരോഗ്യപദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) അട്ടപ്പാടിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അട്ടപ്പാടിയിൽ നടന്നുവരുന്ന ആരോഗ്യപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങളും കോട്ടത്തറ ആശുപത്രിയുടെയും മറ്റ് ആരോഗ്യസ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) 1. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോട്ടത്തറ ആശുപത്രിയിൽ മുഴുവൻ സമയവും ഗൈനക്കോളജിസ്റ്റിന്റെയും അനസ്തേറ്റിസ്റ്റിന്റെയും സേവനം ലഭ്യമാക്കി.

2. ഐ.എം.എ.-യുമായി ബന്ധപ്പെട്ട് സ്കാനിംഗ് ആവശ്യമുള്ള ഗർഭിണികൾക്കും മറ്റ് രോഗികൾക്കുമായി സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിയിട്ടുണ്ട്.

3. പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ച് ഫീൽഡിൽ ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികളുടെയും പ്രത്യേകം പരിഗണനവേണ്ട ഗർഭിണികളുടെയും ആറ് മാസംവരെ മുലയൂട്ടുന്ന അമ്മമാരുടെയും വീടുകളിൽ ആഴ്ചയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഞ്ച് ദിവസം ഓരോ ജീവനക്കാർ പ്രത്യേകം പ്രത്യേകം സന്ദർശനം നടത്തി വേണ്ടസേവനങ്ങൾ നൽകിവരുന്നു. തിങ്കളാഴ്ച ദിവസങ്ങളിൽ എസ്.ടി. പ്രൊമോട്ടർ, ചൊവ്വ - അംഗൻവാടി ടീച്ചർ, ബുധൻ - കുടുംബശ്രീ ആനിമേറ്റർ, വെള്ളി - ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ശനി - ആശാവർക്കർ എന്നീ തരത്തിലാണ് നിരീക്ഷിക്കുന്നത്.

4. ഒറ്റപ്പാലം സബ്കളക്ടറുടെ അദ്ധ്യക്ഷതയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ക്രോഡീകരണത്തിനും മോണിറ്ററിംഗിനുമായി ചുമതലപ്പെടുത്തി. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ എം.പി., എം.എൽ.എ.മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവർ മാസം തോറും യോഗം ചേർന്ന് പ്രവർത്തനങ്ങളുടെ ഏകോപനവും മോണിറ്ററിംഗും നടത്തിവരുന്നു.

5. ആരോഗ്യ വകുപ്പിന്റെ അദ്ധ്യക്ഷതയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ റാങ്കിലുള്ള ഡോ. പ്രഭുദാസിനെ നോഡൽ ഓഫീസറായും കോട്ടത്തറ ആശുപത്രിയുടെ സൂപ്രണ്ടായും നിയമിച്ചു.

(സി) കോട്ടത്തറ ആശുപത്രിയിലെ വിവിധ വിഭാഗം ജീവനക്കാരുടെ നിലവിലെ തസ്തികകളെക്കുറിച്ചും ഒഴിവുകളെക്കുറിച്ചും അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.എച്ച്.എം.വഴിയും എച്ച്.എം.സി.വഴിയും നിയമിച്ച ജീവനക്കാരുടെ വിശദ വിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പച്ചക്കറികളിൽ കീടനാശിനിയുടെ അംശം

98 (790) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്നതും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ അംശം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.